**E 3121** (Pages : 2) Reg. No..................................

Name....................................

# B.A. DEGREE (C.B.C.S.S.) EXAMINATION, OCTOBER 2016

**Fifth Semester**

B.A. Malayalam (Model I and Model II)

Core Course—കേരളീയ രംഗകല

(2013 Admission onwards)

Time : Three Hours Maximum : 80 Marks

## Part A

I. ഒരു വാക്കിലോ വാക്യത്തിലോ എല്ലാ ചോദ്യങ്ങൾക്കും ഉത്തരമെഴുതുക :

1 നളചരിതത്തിലെ ഭാഷ സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തീയവും ചേർത്തുരുക്കിയ വെങ്കലഭാഷയാണെന്ന് പറഞ്ഞതാര് ?

2 ദമയന്തിയെ ചേദിപുരിയിൽ കണ്ടെത്തിയതും പിന്നീട് പിതൃസവിധത്തിൽ കൊണ്ടു ചെന്നെത്തിച്ചതും ആരാണ് ?

3 കഥകളി നടന്മാർക്ക് മുദ്രാഭിനയത്തിന് അവലംബമായിട്ടുള്ള നാട്യശാസ്ത്രഗ്രന്ഥമേത് ?

4 ഫലിതം, പരിഹാസം, പരിതഃസ്ഥിതികളുടെ പ്രതിഫലനം എന്നിവ ചാക്യാർകൂത്തുകളുടെ പ്രത്യേകതയാണ്. ഈ പ്രത്യേകതകൾ സ്വീകരിച്ചു കാണുന്ന മറ്റൊരു കലാരൂപമേതാണ് ?

5 പടയണിയിലെ പഞ്ചകോലങ്ങൾ ആരുടെ നൃത്തഭേദങ്ങളാണ് ?

6 പടയണി അനുഷ്ഠിച്ചു വരുന്ന മധ്യതിരുവിതാംകൂറിലെ അധികം ക്ഷേത്രങ്ങളിലും എന്തിലാണ് പ്രാദേശിക ദേവതമാരെ പ്രതിഷ്ഠിച്ചിട്ടുള്ളത് ?

7 കാക്കാരിശ്ശി നാടകത്തിനുള്ള മറ്റു പേരുകളെന്ത് ?

8 വലിയ പടയണി നാളിൽ അവസാനം കളത്തിലെത്തുന്ന കോലമേത് ?

9 കഥകളി വിജ്ഞാനകോശം ആരെഴുതിയതാണ് ?

10 കലാമണ്ഡലം ഹൈദരലി എഴുതിയിട്ടുള്ള കൃതിയേത് ?

(10 × 1 = 10)

## Part B

II. ഒരു ഖണ്ഡിക വീതം എട്ടെണ്ണത്തിന് ഉത്തരമെഴുതുക :

11 ചോദ്യക്കാരനെക്കുറിച്ച് വിവരിക്കുക.

12 "കാക്കാലനും പാട്ടുകാരനും തമ്മിലുള്ള സംഭാഷണത്തിൽ കാക്കാലനോടുള്ള സമൂഹത്തിൻെറ വീക്ഷണം കാണാം"—വിശദീകരിക്കുക.

**Turn over**

13 കോലമെഴുത്തിനെക്കുറിച്ച് വിവരിക്കുക.

14 നാട്യധർമ്മി എന്തെന്ന് വിശദീകരിക്കുക.

15 "മൂന്നിനും കഥകളിയിൽ സ്ഥാനമുണ്ട്"—ഇവിടെ പരാമർശിക്കുന്ന മൂന്നെണ്ണമേതാണ് ?

16 രാമനാട്ടത്തെക്കുറിച്ച് വിവരിക്കുക.

17 പറയൻതുള്ളലിൻെറ വേഷവും ചടങ്ങുകളും ഏവ ?

18 "ശ്രീരാമദാസൻെറ വംശേ ജനിക്കയാൽ

പാരം നിനക്കു മഹംഭാവമിങ്ങനെ"

—ആശയമെന്ത് ?

19 അനുഷ്ഠാന കലകളുടെ പ്രത്യേകതയെന്ത് ?

20 നിണഭൈരവിയെക്കുറിച്ച് വിവരിക്കുക.

(8 × 2 = 16)

## Part C

III. ഒരു പുറം വീതം ആറെണ്ണത്തിന് ഉത്തരമെഴുതുക :

21 കാക്കാലന്മാരുടെ ജീവിത രീതി എന്തെന്ന് വിവരിക്കുക.

22 "കാക്കാരിശ്ശി തീർത്തും വിനോദകലയാണ് "—തെളിയിക്കുക.

23 ഭീമസേനൻ ഗന്ധമാദന പർവ്വതത്തിൽ കണ്ട കാഴ്ചകളേവ ?

24 കുഞ്ചൻനമ്പ്യാരുടെ തുള്ളലുകളിലെ ഭാഷയുടെ പ്രത്യേക പ്രത്യേകതകളെന്ത് ?

25 നാടോടി രംഗകലകളിൽ കാണുന്ന പുരാവൃത്ത സാന്നിദ്ധ്യത്തെക്കുറിച്ച് വിവരിക്കുക.

26 പുരാവൃത്തമെന്നാൽ എന്തെന്ന് വിവരിക്കുക.

27 "ഞാനെന്നുമെനിക്കുള്ളതെന്നും

അഭിമാനമെല്ലാവർക്കും തോന്നും"

—സന്ദർഭവും ആശയവും എഴുതുക.

28 ദൃശ്യകലയും സാഹിത്യവും തമ്മിലുള്ള ബന്ധമെന്ത് ?

(6 × 4 = 24)

## Part D

IV. നാലു പുറം വീതം രണ്ടു ചോദ്യങ്ങൾക്കുത്തരം എഴുതുക. :

29 ഭീമനും ഹനുമാനും തമ്മിലുള്ള സംവാദം സംഗ്രഹിച്ച് അതിലെ ഫലിത പരിഹാസങ്ങൾ അനാവരണം ചെയ്യുക.

30 "കേരളത്തിലെ ദൃശ്യകലകൾക്ക് വളരെ സമ്പന്നമായ ഒരു ചരിത്രമുണ്ട് "—തെളിയിക്കുക.

31 നളചരിതത്തിൻെറ നാടകീയതയെക്കുറിച്ച് വിവരിക്കുക.

(2 × 15 = 30)